"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - 2025-ലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരുടെ പേര് ചേർക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ) നം.203/2025/GAD തീയതി,തിരുവനന്തപുരം, 26-12-2025

**ഉത്തരവ്**

സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനിടയിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ എസ്.ഐ.ആർ സംബന്ധിച്ച നടപടികൾ കൂടി പ്രഖ്യാപിച്ച സാഹചര്യത്തിൽ ഇതിന് നിശ്ചയിച്ച സമയപരിധി സംസ്ഥാനത്ത് ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് സർക്കാർ ബഹു. സുപ്രീം കോടതിയെ സമീപിക്കുകയും ഇതിൽ അനുകൂലമായ ഉത്തരവ് ലഭിക്കുകയും എന്യൂമറേഷൻ ഫോം സമർപ്പിക്കാനുള്ള സമയപരിധി ഡിസംബർ 18 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. എന്നാൽ ഇതിനുശേഷം ബഹു. സുപ്രീം കോടതി നിർദ്ദേശപ്രകാരം രണ്ടാഴ്ച കൂടി സമയപരിധി ദീർഘിപ്പിക്കാൻ സർക്കാർ കമ്മീഷനോട് ആവശ്യപ്പെട്ടെങ്കിലും ആയത് പരിഗണിയ്ക്കുകയുണ്ടായില്ല.

2. കമ്മീഷന് തിരികെ ലഭിയ്ക്കാത്ത 24,08,503 എണ്ണത്തോളം എന്യൂമറേഷൻ ഫോമുകൾ (a) Absent/ Untraceable, Permanently shifted, Enumeration Form shifted — 14,61, 769 (5.25%); (b) Death — 6,49,885 (2.33%), (c) Others — 1,36,029 (0.49%) എന്നീ കാരണത്താൽ കരട് പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

3. 2002 -ൽ 18 വയസ്സ് പൂർത്തിയാകാത്തവരും 31.12.2024 -ൽ 18 വയസ് പൂർത്തിയായവരും (നിലവിൽ 18 മുതൽ 40 വയസ്സുവരെ പ്രായമുള്ളവർ) അവരുടെ ബന്ധുത്വം (Parents & Grandparents) 2002 -ലെ വോട്ടർ പട്ടികയുമായി ബന്ധപ്പെടുത്തി തെളിയിച്ച് "മാപ്പിംഗ് (Mapping)" പൂർത്തിയാക്കേണ്ടതുണ്ട്. കരട് പട്ടികയിൽ ഉൾപ്പെട്ടവരിൽ ഏകദേശം 19,32,000 പേർ വോട്ടർ പട്ടികയിൽ പേര് ഉറപ്പിക്കണമെങ്കിൽ ബന്ധുത്വം സംബന്ധിച്ച രേഖകൾ ബന്ധപ്പെട്ട അധികാരികളുടെ മുൻപിൽ ഹിയറിംഗ് സമയത്ത് ഹാജരാക്കി തെളിവ് നൽകണം. മാപ്പിംഗ് പൂർത്തിയാക്കാത്തവർ അന്തിമ വോട്ടർ പട്ടികയിൽ ഇടം പിടിക്കാൻ കഴിയാത്ത സാഹചര്യവും ഉണ്ട്. വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെട്ടവരും മാപ്പിംഗ് പൂർത്തിയാക്കാത്തവരും കൂടിയാകുമ്പോൾ ഏകദേശം 43,40,00 -ത്തോളം പേർ ഹിയറിംഗിന് ഹാജരായി രേഖകൾ ഹാജരാക്കേണ്ടിവരും.

4. ഇതുകൂടാതെ 2002 -ൽ എന്തെങ്കിലും കാരണത്താൽ വോട്ടർ പട്ടികയിൽ ഉൾപ്പെടാതെ പോയവരും, അതിനു മുമ്പും ശേഷവും വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിരുന്നവരും, രേഖകൾ

ഹാജരാക്കിയില്ലെങ്കിൽ അന്തിമവോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെടുന്ന സ്ഥിതിയുമുണ്ട്. 2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിലും 2024 ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലും വോട്ട് ചെയ്തവർ ഉൾപ്പെടെ ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചശേഷം പട്ടികയിൽ ഉൾപ്പെടാത്തവർക്ക് പേരുകൾ ചേർക്കാനോ, ഒഴിവാക്കാനോ അപേക്ഷിക്കാവുന്നതാണ്.

5. സംസ്ഥാനത്തെ അർഹരായ എല്ലാ വോട്ടർമാരും വോട്ടർ പട്ടികയിൽ ഉൾപ്പെടുക എന്നതും അർഹനായ ഒരു വോട്ടർ പോലും പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല എന്നതും ഒരു ജനാധിപത്യ സംവിധാനത്തിൽ വളരെ പ്രധാനമാണ്. ഇത് ഉറപ്പാക്കുന്നതിനായി 2025-ലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരുടെ പേര് ചേർക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനു വേണ്ടി ഹെൽപ്പ് ഡെസ്കുകൾ രൂപീകരിക്കാൻ ചുവടെപറയുന്ന നടപടികൾ ജില്ലാകളക്ടർമാർ സ്വീകരിക്കേണ്ടതാണ്.

- 2025 ലെ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച കരട് വോട്ടർ പട്ടികയിൽ വിവിധ കാരണങ്ങളാൽ ഉൾപ്പെടാത്ത അർഹരായവരുടെ പേര് ചേർക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കേണ്ടതാണ്. ഇതിന്റെ പ്രവർത്തനങ്ങൾക്ക് വില്ലേജ് ഓഫീസിൽ സൗകര്യം കുറവാണെങ്കിൽ ഏറ്റവും അടുത്തുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിൽ അതിനുള്ള സൗകര്യം ഒരുക്കേണ്ടതാണ്.
- ഹെൽപ്പ് ഡെസ്കുകളിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സഹായ-നിർദ്ദേശങ്ങൾ നൽകുന്നതിനായി രണ്ട് ഉദ്യോഗസ്ഥരെ വീതം താൽക്കാലിക ജോലി ക്രമീകരണ വ്യവസ്ഥയിൽ ചുമതലപ്പെടുത്തേണ്ടതാണ്. ഇതിന് ആവശ്യമായ സംവിധാനങ്ങൾ അതത് ജില്ലാകളക്ടർമാർ ഒരുക്കേണ്ടതുമാണ്.
- ഉന്നതികൾ, മലയോര പ്രദേശങ്ങൾ, തീരദേശമേഖലകൾ, മറ്റ് പിന്നോക്ക പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നേരിട്ടെത്തി അർഹരായവരെ കണ്ടെത്തി അവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിന് വില്ലേജ് ഓഫീസർമാരുടെ ആവശ്യപ്രകാരം അംഗൻവാടി വർക്കർമാർ, ആശ വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. അധിക ജീവനക്കാരെ ആവശ്യമുള്ള പക്ഷം ഇതര വകുപ്പുകളിൽ നിന്നും ജീവനക്കാരെ നിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.
- വിവിധ സ്ഥാപനങ്ങളിൽ പഠിക്കുന്ന 18 വയസ് പൂർത്തിയായവർ വോട്ടർ പട്ടികയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ബോധവൽക്കരണത്തിനായി അതത് സ്ഥാപനങ്ങളിൽ ക്യാമ്പയിൻ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർക്കും
എല്ലാ ജില്ലാകളക്ടർമാർക്കും

എല്ലാ വകുപ്പുതലവന്മാർക്കും
ചീഫ് ഇലക്ടറൽ ഓഫീസർ - കേരള, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രചാരണത്തിനായി)
വെബ് & ന്യൂ മീഡിയ, I&PRD (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ